## വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ:സി3/25717/2009 — തൈക്കാട്, തിരുവനന്തപുരം-14
തീയതി: 12.1.2012

### സർക്കുലർ

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- പ്രൈവറ്റ് ഐ.ടിഐകളിലെ ജീവനക്കാരുടെ പേർ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നത്-നിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന : ഇല്ല

********

സംസ്ഥാനത്തെ ചില പ്രൈവറ്റ് ഐ.ടി.ഐകളിലെ ജീവനക്കാരുടെ പേര്, യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ ഉള്ളതിൽ നിന്നും വ്യത്യസ്തമായി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. പ്രൈവറ്റ് ഐ.ടി.ഐകളിലെ വനിതാ ജീവനക്കാരുടെ പേര് അവരുടെ യോഗ്യതാ സർട്ടിഫിക്കറ്റിൽ നിന്നും വ്യത്യസ്തമായി ഭർത്താവിന്റെ പേരുകൂടി ചേർത്ത് ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനാൽ പരിശോധനാ ഉദ്യോഗസ്ഥർക്ക് യഥാവിധി സർട്ടിഫിക്കറ്റ് പരിശോധന നടത്തുന്നതിന് ബുദ്ധിമുട്ടു നേരിടുന്നതായും ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ട്രേഡുകളിലും യൂണിറ്റുകളിലും പരിശീലനം നൽകിവരുന്ന, മുഴുവൻ പ്രൈവറ്റ് ഐ.ടി.ഐകളും ഹാജർ പുസ്തകത്തിൽ ജീവനക്കാരുടെ പേര് അവരുടെ വിവിധ യോഗ്യതാ സർട്ടിഫിക്കറ്റിലെ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എഴുതേണ്ടതാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്
ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി
B. SREEKUMAR
ADDL. DIRECTOR OF TRAINING

എല്ലാ പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പൽമാർക്കും
(നോഡൽ ഗവ. ഐ.ടിഐ പ്രിൻസിപ്പാൾ മുഖേന)

പകർപ്പ്:
1) എല്ലാ ഐ.ടി മാർക്കും
2) ജെ.ഡി. കണ്ണൂർ
3) www.det.kerala.gov.in